## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T3959 24.8.2017-ൽ മറുപടിയ്ക്ക്

# പൗൾട്രി ഫാമുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കോഴിയിറച്ചിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് പൗൾട്രി ഫാമുകൾ നടത്തുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികളുണ്ടോ; | എ) ഉണ്ട്.<br>കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കോഴി വളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള , തൽപരരായ കർഷകർക്ക് ഇറച്ചിക്കോഴി കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ നൽകി 40-45 ദിവസം പ്രായമാകുമ്പോൾ കെ.എസ്.പി.ഡി.സി തിരിച്ചെടുത്ത് കെപ്കോയുടെ മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് കിലോഗ്രാമിന് 10/- രൂപ വരെ വളർത്തുകൂലിയായി ലഭിയ്ക്കുന്നു. |
| ബി) അയൽ സംസ്ഥാന ലോബിയുടെ നിയന്ത്രണത്തിൽ നിന്ന് കോഴി ഉൽപ്പാദനം, വിപണനം എന്നിവയെ മുക്തമാക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | ബി) അയൽ സംസ്ഥാന ലോബിയുടെ നിയന്ത്രണത്തിൽ നിന്നു കോഴി ഉൽപ്പാദനം, വിപണനം എന്നിവയെ മുക്തമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>1) മൃഗസംരക്ഷണ വകുപ്പ്, കെ.എസ്.പി.ഡി.സി, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കുടുംബശ്രീ യൂണിറ്റുകളെ സജീവമാക്കി കോഴിക്കുഞ്ഞുങ്ങൾ, |

കോഴിത്തീറ്റ, മരുന്ന് എന്നിവയ്ക്ക് സഹായം നൽകി കോഴിയിറച്ചി വിപണനത്തിൽ ഇടപെടുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ

2) കെപ്കോ ബ്രോയിലർ ഇന്റഗ്രേഷൻ പദ്ധതി.
3) കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2014-15)
4) കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2016-17)
5) കെപ്കോ ആശ്രയ പദ്ധതി
6) റൂറൽ ബാക്ക് യാർഡ് പദ്ധതി
7) കെപ്കോ നഗരപ്രിയ പദ്ധതി
8) കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
9) കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി
10) പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു.

| | |
|---|---|
| സി) ഈ മേഖലയിലെ കർഷകർക്ക് സബ്സിഡി നൽകാൻ തയ്യാറാകുമോ എന്നറിയിക്കാമോ? | സി) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മേൽ പദ്ധതിയിൽ കർഷകർക്ക് സഹായധനം വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ